പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2193 22.01.2014 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റേതര വരുമാനം

ചോദ്യം

ശ്രീ. കെ. രാധാകൃഷ്ണൻ :
" വി. ശിവൻകുട്ടി :
ശ്രീമതി. കെ. കെ. ലതിക :
ശ്രീ. ഇ. പി. ജയരാജൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റേതര വരുമാനത്തിന്റെ സ്രോതസ്സുകളേതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റേതര വരുമാനത്തിന്റെ സ്രോതസ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പലിശ രഹിത നിക്ഷേപം സ്വീകരിച്ച് നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകളിലെ കട/ഓഫീസ് മുറികളുടെ വാടകയിനത്തിൽ ലഭിക്കുന്ന തുക.<br>2. സ്ക്രാപ്പ് ബസുകൾ, സ്ക്രാപ്പ് മെറ്റീരിയൽസ്, ബാറ്ററി, ടയർ, ട്യൂബ്, ഫ്ളാപ്പുകൾ, ബഫിംഗ് പൗഡർ, വേസ്റ്റ് ഓയിൽ എന്നിവയുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനം.<br>3. കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ യാത്രക്കാരെയും സർവ്വീസ് ഓപ്പറേഷനെയും ബാധിക്കാത്ത വിധം ലഭ്യമായ സ്ഥലത്ത് ലൈസൻസ് അടിസ്ഥാനത്തിൽ കച്ചവട സ്ഥാപനങ്ങൾ അനുവദിക്കുന്നതിലൂടെയുള്ള വരുമാനം.<br>4. ബസുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യത്തിന് കരാർ നൽകുക വഴി ലഭിക്കുന്ന വരുമാനം. |

| | | | |
|---|---|---|---|
| (ബി) | ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (ബി) | 1). ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാണിജ്യ പ്രധാന്യമുള്ള സ്ഥലങ്ങളിൽ ഡിപ്പോയോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ ബി.ഒ.ടി അടിസ്ഥാനത്തിലും, പലിശ രഹിത നിക്ഷേപം സ്വീകരിച്ച് സ്വന്തമായും, നിർമ്മിച്ച് വാണിജ്യ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകി വരുന്നു.<br>2). 2012 ജൂലായ് മുതൽ സ്ക്രാപ്പ് ബസ്, സ്ക്രാപ്പ് മെറ്റീരിയൽസ്, ബാറ്ററി, ടയർ, ട്യൂബ്, ഫ്ളാപ്പുകൾ, ബഫിംഗ് പൗഡർ, വേസ്റ്റ് ഓയിൽ എന്നിവയുടെ വിൽപ്പന കേന്ദ്ര സർക്കാർ സ്ഥാപനമായ M/s. MSTC Ltd., (Metal Scrap Trade Corporation Ltd) മുഖേന e-aucation നടത്തിയാണ് വിൽക്കുന്നത്.<br>3). ബസ് സ്റ്റേഷനുകളിൽ ലഭ്യമായ പരമാവധി സ്ഥലങ്ങളിൽ കച്ചവട സ്ഥാപനങ്ങൾ അനുവദിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പലിശ രഹിത നിക്ഷേപം സ്വീകരിച്ചു കൊണ്ട് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് കച്ചവട ആവശ്യത്തിന് നൽകി വരുന്നു. ബസുകളിൽ കൊറിയർ, തപാൽ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിച്ചുവരുന്നു. |
| (സി) | ഈ ഇനത്തിൽ കഴിഞ്ഞ 5 വർഷത്തെ വരുമാനം വർഷാടിസ്ഥാനത്തിൽ എത്ര വീതമാണെന്നും വ്യക്തമാക്കുമോ ; | (സി) | 1. പലിശ രഹിത നിക്ഷേപം സ്വീകരിച്ച് നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകളിലെ കട/ഓഫീസ് മുറികളുടെ വാടകയിനത്തിൽ ലഭിക്കുന്ന തുകയുടെ വരുമാന വിവരം അനുബന്ധം (1)-ൽ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 2. സ്ക്രാപ്പ് സാധനങ്ങളുടെയും സ്ക്രാപ്പ് ബസുകളുടെയും വിൽപ്പനയിലൂടെ ലഭ്യമായ വരുമാനം അനുബന്ധം (2)-ൽ ചേർക്കുന്നു.<br>3. കച്ചവട സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം, പരസ്യയിനത്തിൽ നിന്നുള്ള വരുമാനം എന്നിവ അനുബന്ധം (3)-ൽ ചേർക്കുന്നു. |
| (ഡി) | ഈ വരുമാനം കുറയുന്നതിന്റെ കാരണം വ്യക്തമാക്കുമോ ; | (ഡി) | കച്ചവട സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം കുറയുന്ന സാഹചര്യമില്ല. എന്നാൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള കച്ചവട സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് അവസാനിപ്പിക്കുന്നതുമൂലം താൽക്കാലികമായി വരുമാനം കുറയുന്ന സാഹചര്യമുണ്ട്. എന്നാൽ ഷോപ്പിംഗ് കോംപ്ലക്സുകൾ പ്രവർത്തനം ആരംഭിക്കുന്നതോടുകുടി വരുമാനക്കുറവ് പരിഹരിക്കപ്പെടുന്നതാണ്. |
| (ഇ) | കെ.എസ്.ആർ.ടി.സി ബസ്സുകളിലും ബസ്സ്റ്റാൻഡിലും പരസ്യം നൽകുന്നതിന് ആവശ്യമായ ടെൻഡറുകൾ യഥാസമയം പുറപ്പെടുവിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ഇ) | കെ.എസ്.ആർ.ടി.സി ബസുകളിലും ബസ് സ്റ്റാന്റുകളിലും പരസ്യം നൽകുന്നതിന് ആവശ്യമായ ടെണ്ടറുകൾ യഥാസമയം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (എഫ്) | എങ്കിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ ഉചിതമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എഫ്) | ഇക്കാര്യത്തിൽ ആരുംതന്നെ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ജി) | ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നത് വഴി എത്ര കോടിയുടെ വരുമാനമാണ് പ്രതീക്ഷിച്ചിരുന്നത് ; ഇതിന് മുൻ സർക്കാർ സ്വീകരിച്ച | (ജി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 500 സൂപ്പർ ക്ലാസ്സ് സർവ്വീസ്സുകളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുവാൻ നടപടി |

| | | | |
|---|---|---|---|
| | തിന്റെ തുടർനടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ? | | സ്വീകരിച്ചിരുന്നു. ടി പദ്ധതി ഒരു വരുമാനം ലഭിക്കുന്ന മാതൃകയായിട്ടാണ് വിഭാവനം ചെയ്തിരുന്നത്. ഇതിലേക്ക് പലവട്ടം ടെൻഡർ നടപടികൾ നടത്തുകയും ചെയ്തിരുന്നു. ടി പദ്ധതിയിൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം ഒന്നും വിഭാവനം ചെയ്തിരുന്നില്ല. പിന്നീട് ഇതിനെ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാക്കി മാറ്റുകയും ഇതിന്റെ അടിസ്ഥാനത്തിൽ താൽപര്യപത്രം വിളിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ ഇതിനെ വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായി ഒരു പൂർണ മാനേജ്മെന്റ് ഇൻഫർമെഷൻ സിസ്റ്റവും പാസഞ്ചർ ഇൻഫർമെഷൻ സിസ്റ്റവും ഉൾപ്പെടുത്തി വരുമാനം ലഭ്യമാകുന്ന രീതിയിൽ എല്ലാ സർവ്വീസ്സുകളിലും ഏർപ്പെടുത്തുവാനുള്ള നടപടികൾ സത്വരമായി പുരോഗമിച്ചു വരുന്നു. ഇതുമൂലം കോർപ്പറേഷന് 5 (അഞ്ച്) കോടി രൂപ പ്രതിവർഷം വരുമാന വർദ്ധനവ് വിഭാവനം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - (1)

ആകെ പലിശ രഹിത നിക്ഷേപം (31. 12.2013 വരെ) - 14,85,56,403/- രൂപ

വാടക

2010 - 10,34,397/- രൂപ

2011 - 65,64,835/- രൂപ

2012 - 93,99,846/- രൂപ

2013 - 97,04,960/- രൂപ

സെക്ഷൻ ഓഫീസർ

## അനുബന്ധം - (2)

സ്ക്രാപ്പ് സാധനങ്ങളുടെയും സ്ക്രാപ്പ് ബസുകളുടെയും വിൽപ്പനയിലൂടെ കഴിഞ്ഞ 5 വർഷം ലഭ്യമായ വരുമാനം താഴെപ്പറയുന്നു.

2008-2009 – 3,02,18,884/- രൂപ

2009-2010 – 5,59,39,921/- രൂപ

2010-2011 – 8,39,57,446/- രൂപ

2011-2012 – 5,67,77,393/- രൂപ

2012-2013 – 8,47,98,786/- രൂപ

സെക്ഷൻ ഓഫീസർ

## അനുബന്ധം - (ട)

| | 2008-09 (രൂപയിൽ) | 2009-10 (രൂപയിൽ) | 2010-11 (രൂപയിൽ) | 2011-12 (രൂപയിൽ) | 2012-13 (രൂപയിൽ) |
|---|---|---|---|---|---|
| കച്ചവട സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം | 5,07,36,487 | 5,28,10,135 | 5,42,92,639 | 5,83,82,856 | 5,78,66,100 |
| പരസ്യയിനത്തിൽ നിന്നുള്ള വരുമാനം | 3,29,50,000 | 3,29,50,000 | - | 2,12,12,100 | 3,57,00,000 |
| ആകെ | 8,36,86,487 | 8,57,60,135 | 5,42,92,639 | 7,95,94,956 | 9,35,66,100 |

സെക്ഷൻ ഓഫീസർ